**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6599** **11-11-2021 - ൽ മറുപടിയ്ക്ക്**

**എയ്ഡഡ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Dr. R. Bindu (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ട് വർഷമായി നിയമനം നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് നിയന്ത്രണങ്ങൾ ഉണ്ടായിരുന്ന കാലയളവിൽ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങൾക്ക് യാതൊരു നിരോധനവും ഏർപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല, 31.05.2021 ന് കാലാവധി കഴിയേണ്ടിയിരുന്ന സെലക്ഷൻ കമ്മറ്റികളുടെ കാലാവധി 02/06/2021 ലെ സ.ഉ.(സാധാ)നം.733/2021/ഉവിവ പ്രകാരം 30/11/2021 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. |
| (ബി) | സമാന സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിന് ടി കാലയളവ് പരിഗണിച്ച് പരമാവധി പ്രായപരിധിയിൽ ഇളവ് നൽകി പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എയ്ഡഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി നിലവിൽ പ്രായപരിധി കഴിഞ്ഞവർക്ക് കൂടി അപേക്ഷിക്കുന്നതിനും നിയമനത്തിനുമായി കോവിഡിനെത്തുടർന്ന് നിയമനം നടക്കാതിരുന്ന കാലയളവ് കൂടി പരിഗണിച്ച് പരമാവധി പ്രായപരിധിയിൽ രണ്ട് വർഷത്തെ ഇളവ് നൽകി ഉത്തരവിറക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നതു സംബന്ധിച്ച് വിവിധ കാലയളവിൽ നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രായപരിധി ഒഴിവാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 31/01/2020 ൽ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ പ്രസ്തുത പ്രൊപ്പോസലിലെ ശുപാർശ നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ ടി വിഷയം സർക്കാർ പരിശോധിച്ച് തീർപ്പാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ പ്രായപരിധിക്കു മാറ്റം വരുത്തേണ്ടതില്ലായെന്നു തീരുമാനിച്ചു തീർപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എന്ന് ലഭിച്ചുവെന്നും ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ഡി) | അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നതു സംബന്ധിച്ച് വിവിധ കാലയളവിൽ നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രായപരിധി ഒഴിവാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 31/01/2020 ൽ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ പ്രസ്തുത പ്രൊപ്പോസലിലെ ശുപാർശ നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ ടി വിഷയം സർക്കാർ പരിശോധിച്ച് തീർപ്പാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ പ്രായപരിധിക്കു മാറ്റം വരുത്തേണ്ടതില്ലായെന്നു തീരുമാനിച്ചു തീർപ്പാക്കിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന്റെ പ്രായപരിധി വർദ്ധിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചത് ഏത് തീയതിയിലാണെന്ന് വെളിപ്പെടുത്തുമോ; ആയതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഇ) | അസിസ്റ്റന്റ് പ്രൊഫസർ ഉൾപ്പെടെയുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി ഉയർത്തുന്നതു സംബന്ധിച്ച് വിവിധ കാലയളവിൽ നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിച്ചിരുന്നു. അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് നിലവിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രായപരിധി ഒഴിവാക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ 31/01/2020 ൽ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഈ വിഷയത്തിൽ പ്രസ്തുത പ്രൊപ്പോസലിലെ ശുപാർശ നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടു ഒരു കൂട്ടം ഉദ്യോഗാർത്ഥികൾ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിൽ ടി വിഷയം സർക്കാർ പരിശോധിച്ച് തീർപ്പാക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിലെ പ്രായപരിധിക്കു മാറ്റം വരുത്തേണ്ടതില്ലായെന്നു തീരുമാനിച്ചു തീർപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ